## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4153 27.06.2012-ൽ മറുപടിയ്ക്ക്

### കായംകുളം അസംബ്ളി മണ്ഡലത്തിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

**ചോദ്യം**

ശ്രീ. സി.കെ. സദാശിവൻ:

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കായംകുളം അസംബ്ളി മണ്ഡലത്തിൽ അനുവദിച്ച പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | എങ്കിൽ ഭരണാനുമതി ലഭിച്ച്, കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണചുമതല നൽകിയിട്ടും എന്തെല്ലാം പോരായ്മയുടെ പേരിലാണ് നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയത്; | ബി | കായംകുളം ഭാഗത്ത് ഹോസ്റ്റൽ നിർമ്മിച്ചാൽ പട്ടികജാതി വിഭാഗത്തിന് വേണ്ടത്ര പ്രയോജനം ലഭിക്കില്ലായെന്ന് ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനം താൽക്കാലികമായി നിർത്തി വയ്ക്കാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പരിമിതമായ 17 സെന്റ് സ്ഥലത്ത് റോഡരുകിൽ പെൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നത് അഭികാമ്യമല്ലായെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | പ്രസ്തുത പോരായ്മകൾ സ്കെച്ച്, എസ്റ്റിമേറ്റ് എന്നിവയ്ക്ക് അനുമതി നൽകിയ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ആയത് മുൻകൂട്ടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് വസ്തുതാപരമാണോ എന്ന് പരിശോധിച്ച്, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | സി | ഈ വിഷയത്തിലുള്ള ബഹു. കായംകുളം എം.എൽ.എ യുടെ കത്തിൻമേലുള്ള പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിലാണ് പോരായ്മകൾ ചൂണ്ടിക്കാണിക്കപ്പെട്ടത്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| ഡി | കായംകുളം അസംബ്ളി മണ്ഡലത്തിലും ഈ മണ്ഡലത്തോട് ചേർന്നുകിടക്കുന്ന ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, കരുനാഗപ്പള്ളി മണ്ഡലങ്ങളിലും പഠിക്കുന്ന പട്ടികജാതി കുടുംബത്തിൽപ്പെട്ട കുട്ടികളുടെ എണ്ണം വ്യക്തമാക്കാമോ; ഇവർക്ക് ഈ ഹോസ്റ്റൽ പ്രയോജനപ്പെടുമോ ? | ഡി | പ്രസ്തുത പ്രദേശങ്ങളിലായി 3250-ഓളം എസ്.സി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. പ്രൊഫഷണൽ സ്ഥാപനങ്ങൾ വളരെ കുറവാണ്. +1, ഡിഗ്രി ക്ലാസ്സുകളിലായി പഠനം നടത്തുന്ന കുട്ടികൾ ഭൂരിഭാഗവും താമസ സ്ഥലത്തിനടുത്തുള്ള സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. ഈ ഹോസ്റ്റലിന്റെ പ്രയോജനം/ ആവശ്യകത സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ